"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ജീവനക്കാര്യം- പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റന്റന്റ് ഗ്രേഡ്-II, ഓഫീസ് അറ്റന്റന്റ് ഗ്രേഡ്-I തസ്തികയിൽ 2:1 അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.54/2024/HOME തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-

1. സ.ഉ(സാ.ധാ) നം..27/2021/ധന, തീയതി 10.02.2021
2. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 05.01.2022 തീയതിയിലെ 369/സി/2017/ഡിജിപി നമ്പർ നടപടിക്രമം.
3. OA(EKM) 65/2022, 607/2022 നം കേസുകളിലായി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 10.06.2022 തീയതിയിലെ ഇടക്കാല ഉത്തരവ്.
4. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 03.05.2023 തീയതിയിലെ 441/സി/2022/ഡിജിപി നമ്പർ നടപടിക്രമം.
5. OA(EKM) 607/2022 നം കേസിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.11.2023 തീയതിയിലെ ഉത്തരവ്.
6. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ 14.06.2022, 20.12.2022, 10.05.2023, 07.06.2023, 30.11.2023 തീയതികളിലെ 441/സി/2022/ഡിജിപി നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റന്റന്റ് ഗ്രേഡ് I, ഓഫീസ് അറ്റന്റന്റ് ഗ്രേഡ് II അനുപാതം 1:2 ആയി തുടരുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 109 ഓഫീസ് അറ്റന്റന്റ് തസ്തികകളാണ് പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന് അനുവദിച്ച് നൽകിയിട്ടുള്ളത്.

2. പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ അജി. വി. ആർ തുടങ്ങിയവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ 65/2022 ഫയൽ ചെയ്തിരുന്നു. കൂടാതെ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റുമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ രാഹുൽ കെ.പി തുടങ്ങിയവർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ 607/2022 ഫയൽ ചെയ്തിരുന്നു.

3. ഇതിനിടയിൽ പരാമർശം (4) പ്രകാരം, പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇപ്രകാരം

പുറപ്പെടുവിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിധിയുടെ പകർപ്പ് ലഭിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ പരാതിക്കാർക്ക് പുതിയ നിവേദനം സമർപ്പിക്കാവുന്നതാണെന്നും ആയത് പരിഗണിച്ച് രണ്ടാം എതിർകക്ഷിയ്ക്ക് (ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ) രണ്ടുമാസത്തിനുള്ളിൽ നിയമാനുസരണ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും പരാമർശം (5) പ്രകാരം ബഹു ട്രിബ്യൂണൽ ഉത്തരവായിരുന്നു. കൂടാതെ പരാമർശം (3)-ലെ ഇടക്കാല ഉത്തരവുപ്രകാരം O.A.(Ekm) No.65 of 2022 ലെ കോടതി ഉത്തരവ് പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റന്റർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് തടസ്സമാകില്ല എന്ന് ബഹു ട്രിബ്യൂണൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റുമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കണമെന്ന് പരാമർശം മൂന്നിലെ 30.11.2023-ലെ കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5)-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിലും പരാമർശം (3)-ലെ ഇടക്കാല ഉത്തരവ് പ്രകാരം O.A.(Ekm) No. 65 of 2022-ലെ കോടതി ഉത്തരവ് പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റന്റന്റുമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് തടസ്സമാകില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും, പരാമർശം (4)-ലെ നടപടിക്രമം പ്രകാരം ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും, പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെ ഓഫീസ് അറ്റന്റന്റ് ഗ്രേഡ്-II, ഓഫീസ് അറ്റന്റന്റ് ഗ്രേഡ്-I തസ്തികയിൽ 2:1 അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരളം
ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഭരണം), എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (01.02.2024-ലെ 2442442 Exp-A4/234/2023-ധന നം കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി ( ഇ-2437731 )

ഉത്തരവിൻ പ്രകാരം

Signed by
Sheena. S
Date: 03-06-2024 17:38:17
സെക്ഷൻ ഓഫീസർ